പി.എസ്.സി. നിയമന തട്ടിപ്പ്

46 (335) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമന തട്ടിപ്പിന്റെ പേരിൽ സംസ്ഥാനത്തുനിന്നും, പുറത്തു നിന്നുമായി എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇവർ ആരെല്ലാമെന്നും, പേരും അഡ്രസ്സും സഹിതം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ എല്ലാ വകുപ്പുകളിലും നടന്ന നിയമനങ്ങളെക്കുറിച്ച് അടിയന്തിരമായി അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എല്ലാ ജില്ലകളിലും ഓരോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ച് നടപടി വേഗത്തിലാക്കി കുറ്റക്കാരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം വ്യാജ നിയമന തട്ടിപ്പിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട്ടിലെ പി.എസ്.സി. നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 792/2010 കേസിൽ കേരളത്തിൽ നിന്നും 11 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* സംസ്ഥാനത്തിന് പുറത്ത് നിന്നും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി-ഡി) ഇക്കാര്യത്തിൽ വിശദമായ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുന്നതിനിന് എ.ഡി.ജി.പി. വിൻസൻ എം. പോളിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തി 20-12-2010-ലും ഉദ്യോഗസ്ഥതലത്തിലെ അഴിമതി അന്വേഷിക്കാൻ വിജിലൻസ് ഡയറക്ടറെ ചുമതലപ്പെടുത്തി 10-12-2010-ലും ഉത്തരവായിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടെ സംസ്ഥാനത്ത് നടന്ന എല്ലാ നിയമനങ്ങളും പരിശോധിക്കുവാൻ സ്പെഷ്യൽ സെൽ രൂപീകരിച്ച് ചുമതലപ്പെടുത്തുവാനും ഭാവയിലെ എല്ലാ പി.എസ്.സി. നിയമനങ്ങളും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം പി.എസ്.സി. വെരിഫിക്കേഷൻ റിപ്പോർട്ടുകൂടി വാങ്ങിയതിനു ശേഷം മാത്രം റഗുലറൈസ് ചെയ്യാനും 14-12-2010-ൽ ഉത്തരവായിട്ടുണ്ട്.

ഗുണ്ടാനിയമം

47 (337) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണ്ടാനിയമം പ്രാബല്യത്തിൽ വന്നശേഷം ഇതുവരെ എത്രപേരെ കരുതൽ തടങ്കലിൽ വച്ചിട്ടുണ്ട്; ഇപ്പോൾ എത്രപേർ കസ്റ്റഡിയിലുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly